(ഡി) ഗ്രാമപഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ കൂടിയായ വി.ഇ.ഒ-യ്ക്ക് ജോലിഭാരം കൂടിയത് കൊണ്ടാണ് പദ്ധതിയുടെ വേഗത കുറഞ്ഞത് എന്നത് ബോധ്യപ്പെട്ടിട്ടുണ്ടോ ;

(ഇ) ഒരു വാട്ടർഷെഡിന് ഒരു സെക്രട്ടറി എന്ന നിലയിൽ മറ്റ് ഉദ്യോഗസ്ഥരെ കൂടി ഈ പദ്ധതിയുടെ ഭാഗമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിലയിരുത്താറുണ്ട്. പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിന് ബന്ധപ്പെട്ടവരുടെ റിവ്യൂ മീറ്റിംഗുകൾ സംസ്ഥാനതലത്തിലും ജില്ല/ബ്ലോക്ക് തലങ്ങളിലും സമയബന്ധിതമായി നടത്തുന്നുണ്ട്.

(ബി) പദ്ധതിയുടെ നടത്തിപ്പ് സംസ്ഥാനത്ത് ഫലപ്രദമായി നടക്കുന്നുണ്ട്. പദ്ധതിക്കായി കേന്ദ്ര-സംസ്ഥാന വിഹിതമായി ലഭിച്ചിട്ടുള്ള തുകയുടെ 90% നാളിതുവരെ ചെലവഴിക്കുകയും രണ്ടാംഗഡു ധനസഹായത്തിനായുള്ള അപേക്ഷ കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) പദ്ധതിയുടെ വേഗത കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഒന്നിലധികം നീർത്തട കമ്മിറ്റികളുടെ സെക്രട്ടറിയായി ഒരു വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്ക് ചുമതല വരുന്ന സാഹചര്യം പരമാവധി ഒഴിവാക്കേണ്ടതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. അത്തരം സാഹചര്യങ്ങളിൽ ബ്ലോക്ക് പഞ്ചായത്തിനുകീഴിൽ പ്രവർത്തിക്കുന്ന മറ്റ് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്കും ഗ്രാമപഞ്ചായത്തിന് വിട്ടുകിട്ടപ്പെട്ട മറ്റ് ഉദ്യോഗസ്ഥർക്കും നീർത്തട കമ്മിറ്റി സെക്രട്ടറിയുടെ ചുമതല നൽകാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

പരിശീലന പരിപാടികളിലെ ഗസ്റ്റ് ഫാക്കൽറ്റിയുടെ ഓണറേറിയം

51 (3018) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസന വകുപ്പ് സംഘടിപ്പിക്കുന്ന ഹ്രസ്വകാല പരിശീലനങ്ങളിൽ പങ്കെടുക്കുന്ന പരിശീലനാർത്ഥികൾക്ക് ഭക്ഷണച്ചെലവിനായി നിശ്ചയിച്ചിട്ടുള്ള തുക എത്രയാണ് ; പ്രസ്തുത തുക നിജപ്പെടുത്തി ഉത്തരവായത് എന്നാണ് എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ഇക കാലാനുസൃതമായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത പരിശീലന പരിപാടികളിൽ ഗസ്റ്റ് ഫാക്കൽറ്റീസിന് നൽകിവരുന്ന ഓണറേറിയം ഇകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; പ്രസ്തുത ഇകകൾ നിജപ്പെടുത്തി ഉത്തരവായത് എന്നാണ് ;

(ഡി) പ്രസ്തുത ഇക കാലാനുസൃതമായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 80 രൂപ. 8-12-2006-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 279/ 2006/ തസ്വഭവ പ്രകാരമാണ് ഇക നിജപ്പെടുത്തി ഉത്തരവായിട്ടുള്ളത്.

(ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

(സി) മണിക്കൂറിന് 150 രൂപ. 23-7-2005-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 214/2005/തസ്വഭവ പ്രകാരമാണ് ഇക നിജപ്പെടുത്തി ഉത്തരവായിട്ടുള്ളത്.

(ഡി) ഇക്കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

മേച്ചിറ-കനാൽബണ്ട് റോഡിന്റെ നവീകരണം

52 (3019) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹിൽ ഏരിയ ഡെവലപ്പ്മെന്റ് ഏജൻസി, നബാർഡിന്റെ സഹായത്തോടുകൂടി നടപ്പാക്കുന്നതിനായി സമർപ്പിച്ച ആർ.ഐ.ഡി.എഫ്. റോഡ് പ്രോജക്ടുകളിൽ ഉൾപ്പെട്ട ചാലക്കുടി മണ്ഡലത്തിലെ കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ മേച്ചിറ-കനാൽബണ്ട് റോഡിന്റെ നവീകരണത്തിന് ഇനിയും അനുമതി ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) റോഡിന്റെ നിർമ്മാണ അനുമതി ലഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ, തടസ്സങ്ങൾ നീക്കി, റോഡിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly